"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്,കുണ്ടൂർക്കുന്ന്,വി പി എ യു. പി. സ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി. പ്രസന്ന. റ്റി. വി. ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 8183/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 29.03.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2285/2022/GEDN    തീയതി,തിരുവനന്തപുരം, 06-04-2022

പരാമർശം:-

1. പാലക്കാട്, കുണ്ടൂർക്കുന്ന്, വി പി എ യു. പി. സ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി. പ്രസന്ന. റ്റി. വിയുടെ 08/02/2021 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P6).
2. ബഹു. കേരള ഹൈക്കോടതിയുടെ 29.03.2021-ലെ W.P.(C) No. 8183/2021 മേലുള്ള വിധിന്യായം.
3. മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/07/2021, 08/12/2021തീയതികളിലെ സി/996/21 നമ്പർ കത്തുകൾ.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22/07/2021, തീയതിയിലെ DGE/7547/21-R7 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, കുണ്ടൂർക്കുന്ന്, വി പി എ യു. പി. സ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി. പ്രസന്ന. റ്റി. വി. ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 8183/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext.P6(പരാമർശം 1) പുന പരിശോധനാ ഹർജി ഹർജിക്കാരിയെ കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 26-7-2021-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

"In my revision petition dated 08/02/2021 I have requested before Government to redress my grievances in having reduced my pay by ignoring my right for refixation of pay on 01/07/2016 as per rule 28A part I KSR.

Once again submit my claim before your goodself. I have promoted as Primary HM wef

01/04/2016 and pay fixed Rs.59400/- in the scale of 35700-75600 simultaneously, my HM's Higher grade also fixed w.e.f 01/04/2016 fixing pay @ Rs.62400/- in the scale of 36600-79200 and allowed next increment on 01/07/2016 raising my pay to Rs. 63900/-. This increment was held under objection by the Deputy Director Education Palakkad which resulted heavy drop in my pensionary claims also.

As per rule 28 A part I KSR, I am eligible for fixation of pay in the promotion post on the date of promotion of 01/04/2016 and a refixation of pay on 01/07/2016 being my increment date in the lower post of UPST. Then only a complete process of pay fixation in the promoted post will complete. My HM's Higher Grade will fall due only on 01/07/2016 instead of 01/04/2016. Only on following such a manner of pay fixation in the promoted post the objection raised by the Deputy Director Education can be waived. This method has been reiterated in the provision laid down in para 40 of GO(P) No.85/2011/Fin dated 20/01/2016 where in my entitlement for fixation of pay on 01/04/2016 in the promoted post as per rule 28 A and a refixation in the same manner on 01/07/2016 has been explicitly stated as admissible. Due to the deniel of my rule 28 A refixation my pay has been reduced which resulted in the shortage of my pensionary claims also as explained in my revision petition.

Hence my only prayer before Government is to enforce perfect application of para 40 of GO(P) 85/2011/fin dated 20/01/2016 to protect my right for enjoying rule 28 A refixation wef 01/07/2016 and then to avail my HM's Higher grade scale on the same date. So that the existing pay fixation objection can be nullified and my original pay restored @ Rs. 63900/- wef 01/07/2016 in the Head Master's Higher Grade scale of 36600-79200-my earlier hearing note already submitted stand modified to this extend after correcting the discrepancies."

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" എ) മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലെ കുണ്ടൂർക്കുന്ന് വി.പി.എ.യു.പി സ്കൂളിൽ 01/06/1982 മുതൽ അസിസ്റ്റന്റ് ടീച്ചറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി.ടി.വി.പ്രസന്ന തന്റെ 33 വർഷത്തെ സേവനം പൂർത്തീകരിച്ചതിനുശേഷം 01/04/2016 മുതൽ പ്രധാനാദ്ധ്യാപക തസ്തികയിൽ നിയമിതയായി. ടി നിയമനം ഈ കാര്യാലയത്തിലെ ഉത്തരവ് നം.സി/1246/2016/കെ.ഡിസ് തീയ്യതി 26/05/2016 പ്രകാരം അംഗീകരിച്ച നൽകിയിട്ടുമുണ്ട്. ടി നിയമനം അംഗീകരിച്ചതിനെ തുടർന്ന് പ്രധാനാദ്ധ്യാപക സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നതിനായി പ്രപ്പോസൽ നൽകിയതിനെ തുടർന്ന് ശ്രീമതി.ടി.വി പ്രസന്നയുടെ നിലവിലെ (01/04/2016ലെ) അടിസ്ഥാന ശമ്പളമായ 56700/- ൽ നിന്നും രണ്ട് ഇൻക്രിമെന്റുകൾ അനുവദിച്ച് 59400/- രൂപ അടിസ്ഥാന ശമ്പളം നിർണ്ണയിച്ച് പ്രധാനാദ്ധ്യാപക സ്കെയിലിൽ (35700-75600) 01/04/2016 മുതൽ എൽ.ഡിസ്/സി/2137/2016, തീയ്യതി. 19/07/2016 പ്രകാരം ഈ കാര്യാലയത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

ബി) പ്രധാനാദ്ധ്യാപികയുടെയും അസിസ്റ്റന്റ് ടീച്ചറുടെയും സേവനകാലയളവ് കണക്കാക്കി 28 വർഷം പൂർത്തീകരിച്ചാൽ ലഭിക്കുന്ന പ്രധാനാദ്ധ്യാപികയുടെ ഹയർ ഗ്രേഡ് 01/04/2016 മുതൽ അനുവദിച്ച് തരണമെന്ന് കാണിച്ചുകൊണ്ട് ടിയാരി പിന്നീട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് വിശദമായി പരിശോധിക്കുകയും പ്രധാനാദ്ധ്യാപികയായി അടിസ്ഥാന ശമ്പളമായി അനുവദിച്ച 59400/- രൂപയിൽ നിന്നും രണ്ട് ഇൻക്രിമെന്റുകൾ അനുവദിച്ച് 62400/- രൂപ

അടിസ്ഥാന ശമ്പളം നിർണ്ണയിച്ച് പ്രധാനാദ്ധ്യാപക ഹയർ ഗ്രേഡ് സ്കെയിലിൽ (36600-79200) 01/04/2016 മുതൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനുശേഷം നോർമൽ ഇൻക്രിമെന്റ് തീയ്യതിയായ 01/04/2016 ന് ഇൻക്രിമെന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ ആകെക്കൂടി 5 ഇൻക്രമെന്റുകൾ ഒരു വർഷത്തിൽ അനുവദിക്കുകയുണ്ടായി. പിന്നീട് 01/07/2017, 01/07/2018, 01/07/2019 വർഷങ്ങളിൽ വാർഷിക വർദ്ധനവ് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സി) ശ്രീമതി. ടി.വി. പ്രസന്ന 31/05/2020 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ടിയാരിയുടെ പെൻഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും പെൻഷൻ അനുവദിച്ചുകൊണ്ട് അക്കൗണ്ടന്റ് ജനറലിന്റെ പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് നം. പി.ആർ 2102051661/പി-5/1020475146 തീയ്യതി 10/06/2020 പ്രകാരം ഈ കാര്യാലയത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി വെരിഫിക്കേഷൻ റിപ്പോർട്ടിൽ പ്രധാനാദ്ധ്യാപക തസ്തികയിലെ ഹയർ ഗ്രേഡ് വാങ്ങിയതിന് ശേഷം അനുവദിച്ച 01/07/2016 ലെ വാർഷിക ഇൻക്രിമെന്റിന് അർഹതയില്ലെന്നും ആയത് 01/04/2017 നാണ് അനുവദിക്കേണ്ടത് എന്നും അധികം വാങ്ങിയ തുക തിരിച്ചടക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അധിക വാങ്ങിയ തുക കണക്കാക്കി ചലാൻ നം. കെ.എൽ.013035990202021എം, തീയ്യതി. 24/11/2020 പ്രകാരം 1980/- രൂപയും ചലാൻ നം. കെ.എൽ.013035643202021എം, തീയ്യതി.24/11/2020 പ്രകാരം 64,485/- രൂപയും തിരിച്ചടവ് നടത്തിയിട്ടുണ്ട്. പിന്നീട് 25/11/2020 ലെ ഈ കാര്യാലയത്തിലെ ഇ/5524/2019 നമ്പർ ഉത്തരവ് പ്രകാരം ടിയാരിയുടെ ശമ്പളം 01/04/2017 മുതൽ റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്.

ഡി) മേൽ ചലാൻ പ്രകാരം തിരിച്ചടച്ച തുക അനുവദിച്ചു കിട്ടുന്നതിനും 01/07/2016 ലെ നോർമൽ ഇൻക്രിമെന്റ് അനുവദിച്ച് ഫിക്സേഷൻ പുന:ക്രമീകരിച്ച് ലഭിക്കുന്നതിനുമാണ് ശ്രീമതി. പ്രസന്ന.ടി.വി എക്സിബിറ്റ് പി6 പ്രകാരം നിവേദനം നൽകിയിട്ടുള്ളത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ടിലെ തടസ്സവാദം പ്രകാരം ടിയാരിക്ക് 01/07/2016ന് വാർഷിക വർദ്ധനവിന് അർഹതയില്ല എന്നും അങ്ങയെ അറിയിക്കുന്നു. "

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2014 ശമ്പളപരിഷ്കരണ ഉത്തരവ് സ.ഉ(അ).നം.07/16/ധന തീയതി 20.01.2016- ലെ അനക്സർ III ഖണ്ഡിക 11 പ്രകാരം സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷന് കെ.എസ്.ആർ ഭാഗം I ചട്ടം 28A അനുസരിച്ച് ശമ്പള നിർണ്ണയം നടത്തുമ്പോൾ, ഗ്രേഡ് സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് ലോവർ സ്കെയിലിലെ നോർമൽ ഇൻക്രിമെന്റ് തീയതിയിലാണ് അനുവദിക്കേണ്ടത്. LP/UP അദ്ധ്യാപകർക്ക്, ഹെഡ്മാസ്റ്റർ തസ്തികയിൽ പ്രൊമോഷൻ ലഭിച്ച ശേഷം ആകെ അദ്ധ്യാപക സേവന കാലം 28 വർഷം പൂർത്തിയാകുമ്പോൾ / അല്ലെങ്കിൽ ഹെഡ്മാസ്റ്റർ തസ്തികയിൽ 8 വർഷം പൂർത്തിയാകുമ്പോൾ അനുവദിക്കുന്ന സമയ ബന്ധിത ഹയർ ഗ്രേഡാണ് എച്ച്. എം. ഹയർ ഗ്രേഡ്. സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത് നിശ്ചിത വർഷ യോഗ്യതാ സേവന കാലയളവ് പൂർത്തിയാക്കുന്നതിന്റെ തൊട്ടടുത്ത ദിവസം പ്രാബല്യത്തിലാണ്. ആയതിനാൽ ഹെഡ്മാസ്റ്റർ ആയതിന്റെ തൊട്ടടുത്ത ദിവസം പ്രാബല്ല്യത്തിലാണ് ഹെഡ്മാസ്റ്റർ (ഹയർ ഗ്രേഡ്) അനുവദിച്ചു വരുന്നത്. കൂടാതെ 2014 ശമ്പളപരിഷ്കരണ ഉത്തരവ് സ.ഉ.(അ).നം.07/16 തീയതി 20.01.2016-ലെ അനക്സർ III ഖണ്ഡിക 11 പ്രകാരം, ലോവർ തസ്തികയിലെ ഇൻക്രിമെന്റ് തീയതിയിലാണ് അടുത്ത ഇൻക്രിമെന്റ് അനുവദിക്കേണ്ടത്. ഹെഡ്മാസ്റ്റർ (ഹയർ ഗ്രേഡ്) തസ്തികയുടെ ലോവർ തസ്തിക പി. ഡി ടീച്ചറല്ല, ഹെഡ്മാസ്റ്റർ ആണ് എന്നതിനാൽ ഹെഡ്മാസ്റ്റർ തസ്തികയിലെ അടുത്ത ഇൻക്രിമെന്റ്

തീയതിയിലാണ് ഹെഡ്മാസ്റ്റർ (ഹയർ ഗ്രേഡ് തസ്തികയിൽ ഇൻക്രിമെന്റ് അനുവദിക്കേണ്ടത്. പി. ഡി.ടീച്ചർ തസ്തികയിലെ ഇൻക്രിമെന്റ് തീയതിയ്ക്ക് മുമ്പ് ഹെഡ്മാസ്റ്റർ (ഹയർ ഗ്രേഡ് ലഭിച്ചിരിക്കുന്നതിനാൽ റീഫിക്സേഷൻ ആനുകൂല്യത്തിന് അർഹതയില്ല. റീഫിക്സേഷന് അർഹതയില്ലാതെ ആയാൽ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ഒരു വർഷം സേവനം പൂർത്തിയാക്കുമ്പോൾ മാത്രമേ അടുത്ത ഇൻക്രിമെന്റ് ലഭിക്കുകയുള്ളൂ. മേൽ ചട്ട നിലയുടെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് 28/11/2018 ലെ നമ്പർ 784449/RULES - A1/2018/FIN സർക്കാർ കത്തിലൂടെ അക്കൗണ്ടന്റ് ജനറലിന് സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്. ആയതിനാൽ 01.04.2016-ൽ അസിസ്റ്റന്റ് ടീച്ചർ തസ്തികയിൽ നിന്നും ഹെഡ്മാസ്റ്റർ തസ്തികയിലേക്കും, ടി തീയതിയിൽ തന്നെ ഹെഡ്മാസ്റ്റർ ഹയർ ഗ്രേഡും ലഭിച്ച ശ്രീമതി.ടി.വി പ്രസന്നയ്ക്ക് 01/07/2016-ലെ വാർഷിക ഇൻക്രിമെന്റിന് അർഹതയില്ലെന്നും ആയത് 01/04/2017-നാണ് അനുവദിക്കേണ്ടത് എന്നും അധികം വാങ്ങിയ തുക തിരിച്ചടക്കണമെന്നുമുള്ള അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് പരാമർശം ക്രമപ്രകാരമായതിനാൽ ഹർജിക്കാരിയായ

പാലക്കാട്, കുണ്ടൂർ ക്കുന്ന് വി പി എ യു. പി. സ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി. പ്രസന്ന. റ്റി. വി. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജിയിലെ(Ext.P6) ആവശ്യം പരിഗണനാർമല്ലാത്തതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:- അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
മാനേജർ, വി പി എ യു. പി. സ്കൂൾ, കൊട്ടുവായൂർ, കുണ്ടൂർക്കുന്ന് , പാലക്കാട്.
പ്രഥമാദ്ധ്യാപിക, വി പി എ യു. പി. സ്കൂൾ, കൊട്ടുവായൂർ ,
കുണ്ടൂർക്കുന്ന്, പാലക്കാട്.
ശ്രീമതി. പ്രസന്ന. റ്റി. വി., 7/29, സുജനിക, കുണ്ടൂർക്കുന്ന്. പി ഒ,
മണ്ണാർക്കാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 07-04-2022 12:15:15**
സെക്ഷൻ ഓഫീസർ